LIBRARY ARCHIVES Kerala Legislative Assembly

സീമാറ്റ്-ഡയറ്റ് പഠന റിപ്പോർട്ട്

5(963) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാഭ്യാസ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ്) ഡയറ്റുമായി ചേർന്ന് തയ്യാറാക്കിയ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പുതിയ പാഠ്യപദ്ധതിയിൽ സർക്കാർ ഉപേക്ഷിച്ച പ്രശ്നാധിഷ്ഠിത ബോധന രീതിയെ പ്രസ്തുത റിപ്പോർട്ട് അനുകൂലിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത രീതി അംഗീകരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ് കേരള)-ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ഡയറ്റുകൾ നടത്തിയ ഗവേഷണ റിപ്പോർട്ടുകളുടെ സമാഹാരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പുതിയ പാഠ്യപദ്ധതിയിൽ പ്രൈമറി സ്കൂളുമായി ബന്ധപ്പെട്ട പ്രശ്നാധിഷ്ഠിത ബോധനരീതിയെക്കുറിച്ച് തൃശ്ശൂർ ഡയറ്റ് നടത്തിയ ഗവേഷണ പഠന റിപ്പോർട്ടിൽ ഈ ബോധനരീതി പ്രൈമറിതലത്തിൽ നടപ്പാക്കുന്നതിന് ഏഴ് വിധത്തിലുള്ള പ്രതിബന്ധങ്ങളെ ചൂണ്ടിക്കാണിക്കുന്നു. പ്രസ്തുത പ്രതിബന്ധങ്ങളെ തരണം ചെയ്യുമാത്രമേ ഈ ബോധനരീതി വഴി വിദ്യാർത്ഥികളിൽ പോസിറ്റീവായ മൂല്യങ്ങളെ വികസിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ റഷ്യൻ ഭാഷാധ്യാപകരുടെ നിയമനം

6(1046) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര സ്കൂളുകളിലാണ് റഷ്യൻ ഭാഷ പഠിപ്പിക്കുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര അദ്ധ്യാപകരുടെ തസ്തികകളാണ് ഉള്ളത്; ഇതിൽ എത്ര തസ്തികകൾക്കാണ് അനുമതി ഉള്ളത്;

(സി) പ്രസ്തുത തസ്തികകളിൽ നിലവിലുള്ള അദ്ധ്യാപകർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരാണോയെന്ന് വ്യക്തമാക്കാമോ ;

(ഡി) തിരുവനന്തപുരം വെള്ളനാട് ഹയർ സെക്കണ്ടറി സ്കൂളിൽ റഷ്യൻ ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപിക എത്ര നാളായി പ്രസ്തുത സ്കൂളിൽ സേവനം നടത്തുന്നു ; അദ്ധ്യാപിക ദിസവവേതനാടിസ്ഥാനത്തിലാണോ സേവനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) റഷ്യൻ ഭാഷാദ്ധ്യാപകരുടെ തസ്തികകളിലേക്ക് അവസാനമായി പി.എസ്.സി. വിജ്ഞാപനം നടത്തിയിട്ടുള്ളത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) വെള്ളനാട് ഹയർ സെക്കണ്ടറി സ്കൂളിൽ വർഷങ്ങളായി സേവനം നടത്തുന്ന അദ്ധ്യാപികയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത അദ്ധ്യാപികയ്ക്ക് സ്ഥിരനിയമനം നൽകാനുള്ള തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ ;

(ജി) അല്ലെങ്കിൽ പി.എസ്.സി. വഴി പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(എച്ച്) പ്രസ്തുത തസ്തികയ്ക്ക് അപേക്ഷിക്കാൻ പി.എസ്.സി. നിർദ്ദേശിച്ചിരിക്കുന്ന വയസ്സ് കഴിഞ്ഞവർക്ക് പരിഗണന നൽകുമോ ?

ഉത്തരം

(എ) 4 (നാല്).

(ബി) 4, നാലെണ്ണത്തിനും അനുമതിയുണ്ട്.

(സി) 3 പേർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരാണ്.

(ഡി) ദിവസവേതനാടിസ്ഥാനത്തിൽ 2000 നവംബർ മാസം 14-ാം തീയതി മുതൽ 14 വർഷമായി ഷൈല എസ് എന്ന അദ്ധ്യാപിക വെള്ളനാട് ഹയർ സെക്കണ്ടറി സ്കൂളിൽ റഷ്യൻ ഭാഷ പഠിപ്പിക്കുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ദിവസവേതനാടിസ്ഥാനത്തിൽ പഠിപ്പിക്കുന്ന പ്രസ്തുത അദ്ധ്യാപികയ്ക്ക് സ്ഥിരനിയമനം നൽകാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) പരിഗണനയിലില്ല.

2013-14 അദ്ധ്യയന വർഷം ഒഴിഞ്ഞുകിടന്ന പ്ലസ് വൺ സീറ്റുകൾ

7(1048) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 അദ്ധ്യയന വർഷം സംസ്ഥാനത്ത് ഹയർ സെക്കണ്ടറിയിൽ എത്ര അധിക ബാച്ചുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; ഇത് ഏതെല്ലാം സ്കൂളിലാണ് അനുവദിച്ചത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം എത്ര പ്ലസ് വൺ സീറ്റുകളിൽ പ്രവേശനം നൽകാതെ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ എണ്ണം സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വിഭാഗങ്ങളിലായി ജില്ല തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2013-2014 അദ്ധ്യയന വർഷം സംസ്ഥാനത്ത് ഹയർ സെക്കന്ററി മേഖലയിൽ അധിക ബാച്ചുകൾ അനുവദിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം ആകെ 25,689 സീറ്റുകൾ ഒഴിഞ്ഞുകിടന്നു.

(സി) ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പുതിയതായി അനുവദിച്ച പ്ലസ് ടു ബാച്ചുകൾ

8(1049) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുവദിച്ച പുതിയ പ്ലസ് ടു ബാച്ചുകൾ എത്രയെന്ന് സർക്കാർ-എയ്ഡഡ്-അൺ എയിഡഡ് മേഖല തിരിച്ച് വിശദമാക്കുമോ ;

(ബി) 2011-ൽ അനുവദിച്ച ബാച്ചുകളിലെ അദ്ധ്യാപകരുടെ നിയമനം സ്ഥിരപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly